LIBRARY ARCHIVES Kerala Legislative Assembly

പ്രൈവറ്റ് സെക്യൂരിറ്റി ജീവനക്കാർ

75 (4131) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഒരു ലക്ഷത്തിലധികം വരുന്ന പ്രൈവറ്റ് സെക്യൂരിറ്റി ജീവനക്കാർ തുച്ഛമായ വേതനത്തിൽ ജോലി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവരുടെ സേവന വേതന വ്യവസ്ഥകൾ ഏത് നിയമപ്രകാരമാണ് ഇപ്പോൾ നിർണ്ണയിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) 2005-ലെ പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസീസ് (റെഗുലേഷൻ) ആക്ട് എന്നുമുതൽ നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രൈവറ്റ് സെക്യൂരിറ്റി ജീവനക്കാരുടെ വേതനത്തെ സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരാതികളിൻമേൽ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. കേരളാ ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് അനുസരിച്ചാണ് സെക്യൂരിറ്റി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിർണ്ണയിച്ചിട്ടുള്ളത്. സെക്യൂരിറ്റി മേഖലയിലെ ജീവനക്കാർക്ക് മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

(ബി) 2005-ലെ പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസീസ് (റെഗുലേഷൻ) ആക്ട് 2005-ജൂൺ 23-ാം തീയതിയാണ് നിലവിൽ വന്നത്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ സീനിയോറിറ്റി

76 (4132) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടെങ്കിലും അത് തെറ്റിച്ച് ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്തതായ പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) രജിസ്റ്റർ ചെയ്ത് ഇരുപതു വർഷം കഴിഞ്ഞിട്ടും ഒരു പ്രാവശ്യം പോലും അഡ്വൈസ് ലഭിക്കാത്തവരുണ്ടെന്ന കാര്യം സർക്കാരിനറിവുണ്ടോ ?

ഉത്തരം

(എ) പരാതികൾ ലഭിച്ചിട്ടുണ്ട്. ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതുൾപ്പെടെ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) ഉണ്ട്. രജിസ്ട്രേഷൻ സീനിയോറിറ്റിയും സംവരണ മാനദണ്ഡങ്ങളും പാലിച്ചാണ് അഡ്വൈസ് ചെയ്യുന്നത്.